BY 9101

# വാർഷിക മൂല്യനിർണ്ണയം - 2016

Std IX

## ജീവശാസ്ത്രം

സമയം : $1^1/_2$ മണിക്കൂർ | സ്കോർ : 40

**നിർദ്ദേശങ്ങൾ**

* ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
* ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കുക.
* സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടില്ല.
* നിർദ്ദേശങ്ങൾക്കനുസരിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ എഴുതുക.

---

1. പദജോഡി ബന്ധം മനസ്സിലാക്കി പൂരിപ്പിക്കുക. സ്കോർ : 2

   a) ക്ക്യൂലക്സ് : മന്ത്

   ................ : മലമ്പനി

   b) കരൾ : പിത്തരസം

   ചെറുകുടൽ : ................

2. കൂട്ടത്തിൽ ഒറ്റപ്പെട്ടതിനെ കണ്ടെത്തി മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക.

   a) എംഫൈസീമ, സിലിക്കോസിസ്, മരാസ്മസ്, ആസ്ബസ്സ്റ്റോസിസ്

   b) വിറ്റാമിൻ A, വിറ്റാമിൻ B, വിറ്റാമിൻ E, വിറ്റാമിൻ K സ്കോർ : 2



3. **എല്ലാ പ്രകാരത്തിലും ഒരു പോലെയുള്ള ഒരു വിഭാഗം ഇരട്ടകൾ ചിലപ്പോൾ ഉണ്ടാവാറുണ്ട്.** **ഭ്രൂണ രൂപീകരണവും വളർച്ചയും** എന്ന തലക്കെട്ടിൽ സ്കൂൾ ശാസ്ത്രപതിപ്പിനു വേണ്ടി ടിനു തയ്യാറാക്കിയ ശാസ്ത്ര ലേഖനത്തിലെ ഒരു പ്രസ്താവനയാണിത്.

   a) സാങ്കേതികമായി ഈ ഇരട്ടകൾ ഏതു വിഭാഗത്തിൽപ്പെടുന്നു?


   b) ഇത്തരം ഇരട്ടകളുണ്ടാവാനുള്ള ഭ്രൂണരൂപീകരണ സാഹചര്യം ഏത്?

   സ്കോർ : 2

4. ചുവടെ ചേർത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക. സ്കോർ : 2

| *പേശികൾ* | *പേശികളുടെ ഇനം* | *കാണപ്പെടുന്ന ശരീരഭാഗം* |
|---|---|---|
|  ......A..... | ഐച്ഛിക പേശികൾ | അസ്ഥികൾ |
|  മൃദുല പേശികൾ | .....B..... | രക്തക്കുഴലുകൾ |
|  ....C..... | .....D..... | ഹൃദയം |


5. മെരിസ്റ്റത്തിന്റെ വർഗ്ഗീകരണം പരിശോധിക്കുന്നതിനായി അമല തയ്യാറാക്കിയ ഫ്ളോചാർട്ടാണ് താഴെ ചേർത്തിരിക്കുന്നത്. ഉചിതമായ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച് ഇത് പൂർത്തിയാക്കുക. സ്കോർ : 2




6. ഉദാഹരണത്തിൽ കാണുന്ന പോലെ താഴെ തന്നിരിക്കുന്ന പദങ്ങൾ ജോഡി ചേർക്കുക. ഉദാ :- തവള : ശരീരബാഹ്യ ബീജസങ്കലനം സ്കോർ : 3

ഹൈഡ്ര, മുട്ടയിടൽ, അനിഷേകജനനം,
എക്കിഡ്ന, മുകുളനം, തവള, തേനീച്ച,
ശരീരബാഹ്യ ബീജസങ്കലനം

7. ചിത്രം നിരീക്ഷിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. സ്കോർ : 3




a) **A, B** എന്നീ ഭാഗങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പേര് രേഖപ്പെടുത്തുക.

b) പ്രകാശസംശ്ലേഷണത്തിന്റെ ഏത് ഘട്ടമാണ് **A**യിൽ വച്ചു നടക്കുന്നത്?


8. *എല്ലാ സസ്യചലനങ്ങളിലും ഉദ്ദീപന ദിശ ചലന ദിശയെ സ്വാധീനിക്കുന്നില്ല.*

a) ഉദ്ദീപന ദിശ ചലന ദിശയെ സ്വാധീനിക്കാത്ത സസ്യ ചലനങ്ങൾ ഏത്?

b) ഈ വിഭാഗത്തിൽ സ്പർശം എന്ന ഉദ്ദീപനത്തോട് പ്രതികരിക്കുന്ന ഒരു ചെടിയുടെ പേര് നിർദ്ദേശിക്കുക. സ്കോർ : 2

9. താഴെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് പരിശോധിച്ച് തെറ്റായവയെ ക്രമപ്പെടുത്തുക.

സ്കോർ : 2




10. നഗരത്തിലെ ചേരിപ്രദേശത്ത് ആരോഗ്യപ്രവർത്തകർ നടത്തിയ ഒരു പഠനസർവ്വേ പ്രകാരം, 12 വയസ്സിനു താഴെയുള്ള കുട്ടികളിൽ കാണപ്പെട്ട അപര്യാപ്തതാ രോഗങ്ങളുടെ വിവരങ്ങൾ താഴെയുള്ള ഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രാഫ് വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

സ്കോർ : 4





a) ചേരിയിൽ ഏറ്റവും കൂടുതൽ കുട്ടികളെ ബാധിച്ച രോഗമേത്?
ഏത് പോഷകഘടകത്തിന്റെ കുറവാണ് ഈ രോഗത്തിന് കാരണം?

b) ഭക്ഷണത്തിൽ അയഡിൻ കലർത്തിയ ഉപ്പ് ഉപയോഗിച്ചതിലൂടെ പ്രദേശത്ത് ഏറ്റവും നിയന്ത്രിക്കപ്പെട്ടിട്ടുള്ള രോഗം ഏത്?

c) വിറ്റാമിൻ D ധാരാളം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ആഹാരത്തിൽ ഉൾപ്പെടുത്തിയാൽ ഏതു രോഗത്തിന്റെ എണ്ണം കുറയ്ക്കാനാകും?

സ്കോർ : 3

11. ചുവടെ ചേർത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കുക.




a) ചിത്രം തിരിച്ചറിയുക.

b) ജനറേറ്റീവ് ന്യൂക്ലിയസ്സിൽ നിന്നും രൂപപ്പെടുന്നതെന്ത്?

c) ജനറേറ്റീവ് ന്യൂക്ലിയസ്സിൽ ഏതു തരം കോശവിഭജനമാണ് നടക്കുന്നത്?

12.മെരിസ്റ്റമിക കോശവും, പൂർണ്ണ വളർച്ചയെത്തിയ കോശവും തമ്മിലുള്ള മൂന്ന് വ്യത്യാസങ്ങൾ എഴുതുക. സ്കോർ : 3

13. ചുവടെ തന്നിരിക്കുന്ന പട്ടിക, ഇതിനൊപ്പം തന്നിരിക്കുന്ന പദസമൂഹത്തിൽ നിന്നും ഉചിതമായവ ഉപയോഗിച്ച് പൂർത്തിയാക്കുക. സ്കോർ : 2

| ചെടി | കായിക പ്രജനന ഭാഗം |
|---|---|
| ഇലമുളച്ചി | ........................ |
| ഉള്ളി | ........................ |
| കറിവേപ്പ് | ........................ |
| മരച്ചീനി | ........................ |

വേര്,
കാണ്ഡം,
പൂവ്, വിത്ത്,
ഇല,
ഭൂകാണ്ഡം

14. *"വാർദ്ധക്യം പോലെ തന്നെ മരണവും ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്."* സ്കോർ : 2


a) ശ്വസനവും ഹൃദയസ്പന്ദനവും നിലയ്ക്കുന്ന നിർണ്ണായക മരണത്തെ ഏതു പേരിൽ അറിയപ്പെടുന്നു?

b) ഇ.ഇ.ജി. (E.E.G - Electroencephalograph) ഉപയോഗിച്ച് ഉറപ്പാക്കാൻ കഴിയുന്ന മരണം ഏതാണ്?

15. *"പരീക്ഷണശാലയിലെ ടെസ്റ്റ്യൂബിലായിരിക്കും ടെസ്റ്റ്യൂബ് ശിശുവിനെ വളർത്തിയെടുക്കുന്നത്."* സ്കോർ : 2

ടീച്ചറിന്റെ ചോദ്യത്തിന് രാഹുൽ നൽകിയ ഉത്തരമാണിത്.
നിങ്ങൾക്ക് ഇതിനോടുള്ള പ്രതികരണം കാര്യകാരണ സഹിതം വിശദമാക്കുക.

16. ചിത്രീകരണം നിരീക്ഷിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. സ്കോർ : 4




a) A, B എന്നീ ഭാഗങ്ങൾ ഏവ?

b) A, B എന്നീ ഭാഗങ്ങൾ ഏതൊക്കെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നു?

c) ഭ്രൂണത്തിന് ആവശ്യമായ ഓക്സിജനും, പോഷണവും എത്തിക്കുന്ന ഭാഗം ഏത്?